DESPATCHED
On..31/8/22..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി. 512(3)/2021/എസ്.ഐ.സി

(ഫയൽ നം. 4960/എസ്.ഐ.സി – ജി 1/2021)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

## സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 29/08/2022

ശ്രീ. ജനീഷ്.കെ.വി
കടവത്ത് ഹൗസ്,
തളിയാടത്തു പെയിൽ പറമ്പ്.
വെസ്റ്റ് കണ്ണഞ്ചേരി,ആർട്സ് കോളേജ് പി.ഒ
കോഴിക്കോട് — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ
   പന്നിയങ്കര വില്ലേജ്,
   കോഴിക്കോട് – 673 574

2. അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ)
   കോഴിക്കോട് താലൂക്ക് ഓഫീസ്,
   കോഴിക്കോട്.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 21.01.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | - |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 05.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ സമർപ്പിച്ച തീയതി | - |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 13.04.2021 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | 15.04.2021 |

# ഉത്തരവ്

കോഴിക്കോട് വെസ്റ്റ് കണ്ണഞ്ചേരി തളിയാടത്ത് പൊയിൽ പറമ്പ് കടവത്ത് വീട്ടിൽ ജനീഷ് കെ.വി എന്നയാൾ പന്നിയങ്കര വില്ലേജ് ഓഫീസിലെ എസ്.പി.ഐ.ഒ യോട് കേരള ലാന്റ് ഡാറ്റാ ബാങ്ക് സംബന്ധിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കാത്ത തിനെ തുടർന്നാണ് ഒന്നാം അപ്പീൽ അധികാരിയായ കോഴിക്കോട് തഹസിൽദാറെ സമീപിച്ചത്. എന്നാൽ അവിടെ നിന്നും യഥാർത്ഥ വിവരങ്ങൾ ലഭിച്ചില്ലെന്ന പരാതി യുമായാണ് ടിയാൻ കമ്മീഷനെ സമീപിച്ചത്.

2. 20/08/2022ൽ കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നട ത്തിയ ഹിയറിംഗിൽ കമ്മീഷൻ ഈ അപ്പീൽ പരാതി പരിഗണിച്ചു. പരാതിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായി കോവിഡ് കാലമായതിനാൽ മറുപടി നൽകാൻ അല്പം വൈകി എന്നതൊഴിച്ചാൽ ഹർജിക്കാരന് മറ്റ് വിവരങ്ങൾ നൽകിയെന്നും കാല താമസം മാപ്പാക്കണമെന്നും വില്ലേജ് ഓഫീസറും തഹസിൽദാറും കമ്മീഷനു മുമ്പാകെ അപേക്ഷിച്ചത് പരിഗണിച്ച് മറുപടിയുടെ ഒരു പകർപ്പ് കൂടി അപേക്ഷകന് നൽകാൻ നിർദ്ദേശിച്ച് ഈ ഫയലിലെ തുടർ നടപടികൾ കമ്മീഷൻ തീർപ്പാക്കിക്കൊ ണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം (29 -08-2022) പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**